# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1726 — 22/03/2012-ൽ മറുപടിയ്ക്ക്

### ലാബ് ടെക്നീഷ്യൻമാരുടെ സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. തോമസ് ചാണ്ടി** | | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| (എ) പ്രൈവറ്റായി പഠിച്ച ലാബ് ടെക്നീഷ്യൻമാരുടെ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിന് ആര് കൗണ്ടർസൈൻ ചെയ്യണമെന്നാണ് ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് നിഷ്കർഷിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തിനകത്തെ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ നൽകുന്ന വിദ്യാഭ്യാസ യോഗ്യത, പരിശീലനം, പ്രവർത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സർക്കാരിന്റെ അതുമായി ബന്ധപ്പെട്ട ജില്ലാ അധികാരി കൗണ്ടർസൈൻ ചെയ്ത് നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. |
| (ബി) ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കൗണ്ടർസൈൻ ചെയ്തു നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) എങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കൗണ്ടർസൈൻ ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉത്തരവു പുറപ്പെടുവിക്കുമോ ; | (സി) | പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുള്ള സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് 06.02.2012-ലെ 44651/കെ.2/11/ആ.കു.വ നമ്പർ കത്ത് മുഖാന്തിരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഡി എം. ഒ യെ കൂടാതെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കൗണ്ടർസൈൻ ചെയ്യുന്നതിന് ആർക്കാണ് അധികാരമുള്ളതെന്ന് അറിയിക്കുമോ ? | (ഡി) | ജില്ലാ ഓഫീസർമാർ ഇല്ലാത്ത വകുപ്പുകളിൽ ബന്ധപ്പെട്ട വകുപ്പധികാരികളെ സർട്ടിഫിക്കറ്റുകൾ കൗണ്ടർസൈൻ ചെയ്തു നൽകുന്നതിന് 23.09.2011-ലെ 71684/എ.റ്റി.റ്റി/2011/ആഭ്യന്തരം നമ്പർ സർക്കുലർ പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.